26..07..2006

(വിവേകോദയം മാസികയ്ക്ക്)

# സഖാവ് ടി.കെ.

വി.എസ്.അച്യുതാനന്ദൻ

സഖാവ് ടി.കെ. രാമകൃഷ്ണനെ ഞാൻ ആദ്യം കാണുന്നതും പരിചയപ്പെടുന്നതും 1950ലോ ’51 ലോ ആണെന്നാണ് ഓർമ്മ. അത് വയലാറിൽ വെച്ചായിരുന്നു. സഖാവ് സി.കെ. കുമാര പണിക്കരുടെ വീട്ടിൽവെച്ച് പാർടിയുടെ സംസ്ഥാനതല പ്രവർത്തകയോഗം. ആ യോഗത്തിൽ ടി.കെ.യും പ്രതിനിധിയായിരുന്നു. അന്നാണ് അടുത്ത് പരിചയപ്പെട്ടത്. പിന്നീട് അരനൂറ്റാണ്ടിലേറെക്കാലം സഖാവുമായി ഒന്നിച്ചു പ്രവർത്തിക്കാൻ കഴിഞ്ഞു. കലവറയില്ലാത്ത പൊട്ടിച്ചിരിയും നർമ്മം കലർന്ന പ്രതികരണങ്ങളും സൗമ്യതയുമൊക്കെ ടി.കെ.യെ അന്നേ ശ്രദ്ധേയനാക്കിയിരുന്നു. സൗമ്യനാണെങ്കിലും ചില ഘട്ടങ്ങളിൽ ക്ഷോഭമടക്കാനാവാതെ പൊട്ടിത്തെറിക്കുകയും ചെയ്യുമായിരുന്നു.

ഇ.എം.എസ്. പാർടിയുടെ അഖിലേന്ത്യാ ജനറൽ സെക്രട്ടറിയായതിനെ തുടർന്ന് പ്രതിപക്ഷ നേതൃസ്ഥാനം ഒഴിഞ്ഞപ്പോൾ സഖാവ് ടി.കെ.യാണ് ആ സ്ഥാനത്ത് പ്രവർത്തിച്ചത്. കുറച്ചുകാലം മാത്രമേ അതുണ്ടായുള്ളു. 1980ൽ ആന്റണി വിഭാഗം കോൺഗ്രസ്സുകൂടി ഉൾപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിലെത്തി. ഇ.കെ.നായനാർ നേതൃത്വം നൽകിയ ആ മന്ത്രിസഭയിൽ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്തത് സ: ടി.കെയാണ്. അന്ന് സിപിഐ(എം) സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിക്കുകയായിരുന്നു ഞാൻ. പാർടിയേയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയേയും സംബന്ധിച്ച് തികച്ചും സങ്കീർണ്ണവും നിർണ്ണായകവുമായ ഒരു കാലഘട്ടമായിരുന്നു അത്. നീണ്ട പതിനൊന്ന് വർഷത്തെ ഇടവേളക്ക് ശേഷമാണ് പാർടിയുടെ നേതൃത്വത്തിലുള്ള മുന്നണി അധികാരത്തിലെത്തുന്നത്. മിച്ചഭൂമി സമരമടക്കമുള്ള ഐതിഹാസിക സമരങ്ങളുടെയും അടിയന്തരാവസ്ഥയടക്കമുള്ള കടുത്ത പീഡനങ്ങളുടെയും കാലമാണ് കഴിഞ്ഞുപോയത്.

എങ്ങനെ യോജിക്കാൻ ശ്രമിച്ചാലും മുഴച്ചു നിന്നേക്കാവുന്ന ഒരു ബന്ധമാണ് എ കോൺഗ്രസ്, മാണി കേരള എന്നീ പാർടികളുമായി അന്ന് താൽക്കാലികമായി ഉണ്ടാക്കിയതെന്ന് പൊതുവേ വിലയിരുത്തപ്പെട്ടതാണ്.

അന്നത്തെ മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുക എന്നത് ഏറെ ശ്രമകരമായ കാര്യമാണ്. എന്നാൽ ടി കെ നല്ല നിലയിൽ ആ വകുപ്പ് കൈകാര്യം ചെയ്തു. ഒടുവിൽ ആഭ്യന്തരവകുപ്പിനെതിരായ ചില ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണ് 81 അവസാനം ആന്റണി കോൺഗ്രസ്സും മാണി കേരളയും സർക്കാരിനുള്ള പിന്തുണ പിൻവലിച്ചത്. ആഭ്യന്തര വകുപ്പിന്റെ ഒരു കുറവും പിഴവും കൊണ്ടല്ല മറിച്ച് നയപരമായിത്തന്നെ യോജിച്ചു പോകാനാവാത്തതിനാലുള്ള ഒരു തീരുമാനമായിരുന്നു അത്. അതിൽ പാർടിക്ക് സംശയമേ ഉണ്ടായിരുന്നില്ല.

1987ലും 1996ലും അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവർമെണ്ടുകളിലും ടി.കെ മന്ത്രിയായി പ്രവർത്തിച്ചു. സഹകരണം, ഫിഷറീസ്, സാംസ്കാരികം തുടങ്ങിയ വകുപ്പുകളാണ് ഈ ഘട്ടങ്ങളിൽ ടി.കെ കൈകാര്യം ചെയ്തത്. പാർടിയുടെയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെയും കാഴ്ചപ്പാടനുസരിച്ച് ഭരണരംഗത്ത് പ്രവർത്തിച്ച ടി.കെ. മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്. അതത് വകുപ്പുകളുടെ പ്രവർത്തന ത്തിലൂടെ പാവപ്പെട്ട ജനവിഭാഗത്തെ സഹായിക്കാൻകഴിഞ്ഞു. മത്സ്യത്തൊഴി ലാളികളുടെ ജീവിത പുരോഗതിക്കായി ടി.കെ. മന്ത്രിയായിരുന്നപ്പോൾ നിരവധി തീരുമാനങ്ങൾ കൈക്കൊള്ളുകയും നടപ്പാക്കുകയും ചെയ്തു.

കേരളത്തിൽകർഷക പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ സഖാവ് ടി.കെ. വഹിച്ച പങ്ക് അവിസ്മരണീയമാണ്. കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി സമരങ്ങൾ സംഘടിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

അതുപോലെ തന്നെ സാംസ്കാരിക രംഗത്ത് ടി.കെ. നടത്തിയ പ്രവർത്തനങ്ങളും ഇടപെടലുകളും ശ്രദ്ധേയമാണ്. ആദ്യകാലത്ത് സ്വയം ഒരു സർഗാത്മകസാഹിത്യകാരനായിരുന്ന ടി.കെ.യ്ക്ക് പാർടിയിലും വർഗ ബഹുജന പ്രസ്ഥാനങ്ങളിലും ഭരണരംഗത്തുമൊക്കെയായി കൂടുതൽ ചുമതലകൾ ഏറ്റെടുക്കേണ്ടി വന്നതോടെ ആ രംഗത്തു നിന്നും മാറി നിന്നെങ്കിലും സാംസ്കാരിക രംഗത്ത് നിരന്തരം ശ്രദ്ധ പതിപ്പിച്ചു പോന്നു. പുരോഗമന കലാസഹിത്യ പ്രസ്ഥാനം സംഘടിപ്പിക്കുന്നതിലും അതിന് വളരാൻ സഹായം നൽകുന്നതിലുമൊക്കെ ടി.കെ. നേതൃത്വപരമായ പങ്ക് വഹിച്ചു.